മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഒഴിവിൽ സ്കൂൾഫൈനൽ പാസായ എൻ. കെ. അയ്യർ എന്ന ഒരാൾ അപേക്ഷ അയച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉവ്വ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ആ ആൾക്ക് ഇന്നു് ഒരു ഹോസ്റ്റൽ വാർഡന്റെ പ്രവൃത്തി കൊടുത്തിട്ടില്ലേ?

രാമവമ്മതമ്പുരാൻ.—ഇരുപതാലകുടയിൽ കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അദ്ദേഹത്തിനു് ഇപ്പോൾ ശമ്പളമെത്ര?

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

Order for observance of Caste discremination at tiffin time in Edavanakad English School.

133. മിസ്റ്റർ കെ. പി. വള്ളോൻ.—എടവനക്കാടു് ഇംഗ്ലീഷു് സ്കൂളിൽ പഠിയ്ക്കുന്ന അധഃകൃത വിദ്യാർത്ഥികൾക്കു് ഉച്ചഭക്ഷണം കൊടുക്കുമ്പോൾ ജാതി വ്യത്യാസം പോലെ അകറ്റി അകറ്റി ഇരുത്തേണ്ടതാണെന്ന ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ഓർഡർ കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്?

രാമവമ്മതമ്പുരാൻ.—ഇങ്ങിനെ യാതൊരു കല്പനയും കൊടുത്തിട്ടില്ല.

Steps to popularise Cochin products.

134. Mr. P. Krishna Menon.—Will the Government be pleased to state, refering to answer (c) to question 148 of the last budget session, has the consideration of the Government resulted in any solution; if it has, what is it?

Mr. I. N. Menon.—Yes. Arrangements have been made with the Buy Indian League, Madras, to popularise all Cochin products, both through their Central Museum and the Exhibition which they are going to organise. They also have undertaken to sell the products sent to them, render monthly accounts and remit the sale proceeds taking 6¼ per cent as commission.

Resolutions passed in Depressed Classes' Conference in Perumanur.

135. മിസ്റ്റർ കെ. പി വള്ളോൻ.—ഫറവ-ൽ പെരുമാനൂർ ദേശത്തുവെച്ചു മിസ്റ്റർ കെ എം. ഇബ്രാഹാം, ബി. എ., എം. എൽ. സി.; അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ അധഃകൃത സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയത്തിന്റെ ഒരു കോപ്പി ഈ മേശപ്പുറത്തു വെയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly